# STD - XII

## അദ്ധ്യാപക സഹായി

**പാഠം - നാല്** **ഭാഗം - ഒന്ന്**

## ദൈവകല്പനകൾ ക്രിസ്തീയ സാക്ഷ്യത്തിന്റെ മാർഗരേഖകൾ

### ലക്ഷ്യം

നമ്മുടെ ധാർമ്മികജീവിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളാണ് പത്തുകല്പനകൾ. ദൈവമായും പരസ്പരവും സ്നേഹത്തിലായിരിക്കാൻ ദൈവം നിർദ്ദേശിച്ചിട്ടുള്ള മാർഗ രേഖകളാണ് ഈ ദൈവകല്പനകൾ. സ്നേഹത്തിൽ രൂപപ്പെടുന്ന ബന്ധമാണ് കല്പ നകളുടെ സാരാംശം. ദൈവത്തിന്റെ മക്കളായ എല്ലാ മനുഷ്യരേയും എക്കാലവും ദൈവ ത്തോടു ചേർത്തുനിറുത്തുക എന്ന ലക്ഷ്യമാണ് ഈ കല്പനകൾകൊണ്ടുദ്ദേശിക്കു ന്നത്. മനുഷ്യജീവിതം ദൈവികപദ്ധതി അനുസരിച്ച് വിജയം വരിക്കാനും മഹത്വ മാർജ്ജിക്കാനും ഈ പ്രമാണങ്ങൾ നമ്മെ സഹായിക്കും.

പ്രമാണങ്ങൾ അനുസരിച്ച് ഞാൻ ജീവിക്കും. മറ്റുള്ളവരെ പ്രമാണങ്ങളുടെ മൂല്യത്തെ ക്കുറിച്ച് ഞാൻ ബോധ്യപ്പെടുത്തും.

### പഠനസഹായികൾ

* പുറ. 20; നിയമ. 5; യോഹ. 13:34-35
* പത്തുകല്പനകളുടെ കളർ ചെയ്ത ചാർട്ട് / flip card.
* Ten commandments video clip
* പ്രമാണങ്ങൾ എഴുതിയ കൽപ്പലകയുമായി വരുന്ന മോശയുടെ ചിത്രം.

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവകല്പനകളുടെ ചരിത്രപശ്ചാത്തലം
* പത്തുകല്പനകൾ - ഹദ്ബാരി അസെമെത്ത് (ഹീബ്രു) - ദെക്കലോഗ് ഉടമ്പടി ബന്ധത്തിന്റെ അടിത്തറ.
* ദൈവകല്പനകളുടെ സാർവത്രികമാനം
* പത്തു കല്പനകൾ: പുതിയനിയമത്തിൽ (മത്താ. 4:10, 5:27, 5:33-37)

### പ്രാർത്ഥന

ദൈവമേ, അങ്ങയുടെ കല്പനകൾ അനുസരിച്ച് വിശുദ്ധിയിൽ ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. യേശുവിന്റെ വീക്ഷണത്തിൽ, പത്തു കല്പനകളുടെ സാരാംശം എന്ത്?
2. ദൈവം മോശയോട് ആവശ്യപ്പെടുന്നതെന്ത്?
3. താൽമൂദ്, മിഷ്നാ എന്നീ നിയമസംഹിതകളിൽ പ്രതിപാദിച്ചിരിക്കുന്നതെന്ത്?
4. പത്തു കല്പനകൾ പുതിയനിയമത്തിൽ - വചനങ്ങൾ സഹിതം വിശദീകരിക്കുക
5. പത്തു കല്പനകളുടെ ചരിത്രപശ്ചാത്തലം വിവരിക്കുക.

# STD - XII

## അദ്ധ്യാപക സഹായി

**പാഠം - നാല്** **ഭാഗം - രണ്ട്**

## ദൈവകല്പനകൾ ക്രിസ്തീയ സാക്ഷ്യത്തിന്റെ മാർഗരേഖകൾ

### ലക്ഷ്യം

ദൈവകല്പനകളുടെ അന്തഃസത്ത സ്നേഹമാണ്. ദൈവസ്നേഹവും പരസ്നേഹവും പ്രമാണങ്ങൾക്കതീതമായ സ്നേഹവും ഉപവിയും നാം പാലിക്കണം.

ജീവന്റെ കർത്താവായ ദൈവമാണ് ജീവൻ നൽകുന്നതും നിലനിറുത്തുന്നതും തിരിച്ചെടുക്കുന്നതും. ജീവൻ സംരക്ഷിക്കുക എന്ന ദൗത്യമാണ് മനുഷ്യനെ ദൈവം ഏല്പിച്ചിരിക്കുന്നത്. ക്രിസ്തുവിശ്വാസിയുടെ ജീവിതത്തിൽ സ്നേഹമാണ് സർവോത്കൃഷ്ടം (1 കോറി. 13:13)

ദൈവകല്പനകൾ അനുസരിച്ച് പരസ്പര സ്നേഹത്തിൽ ജീവിക്കും.

### പഠനസഹായികൾ

* ഒന്നാം ഭാഗത്ത് ഉപയോഗിച്ച ചാർട്ട്
* ദൈവത്തിന്റെ വിവിധ നാമങ്ങൾ എഴുതിയ word card. ഉദാ:യാഹ്വേ, അദൊനായി, ഏൽ, തെയോസ് തുടങ്ങിയവ - പുറം. 20:12, നിയമാ 5:16, യോഹ. 15:13, മത്താ. 19:16 –17
* പത്തുകല്പനകൾ - CCC-2056, CCC - 2084, CCC-2142, CCC-2143, CCC-2168, CCC-2199, CCC-2261, 2262, CCC-2336, CCC-2401, CCC-2464, CCC-2514, CCC-2534 (Page 505-609).

### പാഠത്തിന്റെ ഉള്ളടക്കം

* പത്തു കല്പനകൾ വിശദീകരിക്കുകയും ഓരോ കല്പനകൾ നമ്മോട് എന്ത് ആവശ്യപ്പെടുന്നുവെന്നും പഠിപ്പിക്കുക.
* ജീവന്റെ കർത്താവ് ദൈവമാണ് - സാമ്പത്തുദിനം.
* യേശു നാമത്തിന്റെ സവിശേഷതകൾ.

### പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ അങ്ങയുടെ കല്പനകൾ പാലിച്ച് പരസ്പരം സ്നേഹത്തിൽ വസിക്കുവാനുള്ള കൃപ ഞങ്ങൾക്കേകണമേ. ആമ്മേൻ.

## ചോദ്യങ്ങൾ

1. നാലാമത്തെ കല്പന എന്താണ് നമ്മോടാവശ്യപ്പെടുന്നത്?
2. ഒന്നാം പ്രമാണം നമ്മോടാവശ്യപ്പെടുന്നതെന്ത്?
3. 'ഏൽ', 'എലോഹിം' എന്ന ദൈവനാമത്തെക്കുറിച്ച് വിശദീകരിക്കുക?
4. പത്തുകല്പനകളൽ നിങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിച്ച കല്പന ഏത്? എന്തു കൊണ്ട്? വിശദീകരണക്കുറിപ്പ് തയ്യാറാക്കുക?
5. ഗർഭഛിദ്രം ഗൗരവമുള്ള പാപം ആകുന്നത് എന്തുകൊണ്ടെന്ന് ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച ചെയ്യുക. ലഭിച്ച ആശയങ്ങളെക്കുറിച്ച് ഓരോ ഗ്രൂപ്പും റിപ്പോർട്ട് തയ്യാറാക്കുക (കൂടുതൽ വിശദീകരണം ആവശ്യമെങ്കിൽ അവസാനം ടീച്ചർക്ക് നൽകാം)